(ഡി) ഏറ്റവും കുറഞ്ഞ വീതി 5 മീറ്ററും കൂടിയ വീതി 28 മീറ്ററും ആണ്. പുനരുദ്ധാണത്തിന് ശേഷം കനാലിന്റെ മുഴുവൻഭാഗത്തും വേലിഇറക്ക സമയത്ത് 1.50 മീറ്റർ ആഴത്തിൽ വെള്ളം ഉണ്ടാകും.

(ഇ) കനോലി കനാലിന്റെ റീച്ച് 6 (5000 മീറ്റർ—6500 മീറ്റർ) പ്രവൃത്തിയുടെ ദർഘാസ് അംഗീകരിക്കുകയും റീച്ച് 11 (8570 മീറ്റർ—9070 മീറ്റർ)-ന്റെ പുനർദർഘാസ് നടത്തുകയും ചെയ്ത്, പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ കനാൽ ചരക്ക് കയറ്റിക്കൊണ്ടുപോകുന്നതിന് യോഗ്യമാവുകയുള്ളൂ.

ഒഞ്ചിയം ചോറോട് ശുദ്ധജലവിതരണ പദ്ധതിയിലെ പൈപ്പ് മാറ്റുന്നതിന് നടപടി

53 [2522] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര വാട്ടർ സപ്ലൈ ഓഗ്മെന്റേഷൻ സ്കീമിലെ ഒഞ്ചിയം-ചോറോട് ശുദ്ധജലവിതരണ പദ്ധതിയിൽ പൊട്ടിയ പൈപ്പ് നന്നാക്കിയതിന് എന്തു തുക കഴിഞ്ഞ അഞ്ച് കൊല്ലം ചെലവായി എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പൈപ്പ് നന്നാക്കുന്നതിന് വർഷം തോറും ഭീമമായ തുക ചെലവാകുന്നത് ഒഴിവാക്കുന്നതിനായി നിലവിലുള്ള പൈപ്പുകൾ മാറ്റി കാസ്റ്റയൺ പൈപ്പ് ഇടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വടകര മുനിസിപ്പൽ വാട്ടർ സപ്ലൈ ഓഗ്മെന്റേഷൻ പദ്ധതിക്കുവേണ്ടി 61.09 ലക്ഷം രൂപയും, ഒഞ്ചിയം-ചോറോട് പദ്ധതിക്കുവേണ്ടി 34 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ചു മാത്രമേ പൈപ്പു മാറ്റിയിടുന്ന നിർദ്ദേശം നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

തമ്പാനൂരിലെ വെള്ളപ്പൊക്കം

54 [2523] ശ്രീ. എം. എ. വാഹീദ് :
,, പി. ടി. തോമസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമ്പാനൂർ-കിഴക്കേക്കോട്ട പ്രദേശങ്ങളിൽ മഴ പെയ്യുമ്പോഴുണ്ടാകുന്ന വെള്ളപ്പൊക്കം ഒഴിവാക്കാൻ ഇതുവരെ എന്തെല്ലാം പണികൾ നടത്തി; അതിന് എന്തു തുക ഇതുവരെ ചെലവായി എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly